# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1415 | 22.03.2013 ലെ മറുപടിക്ക് |

### പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് സ്വദേശത്ത് സുരക്ഷിതത്വം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. പി. സി. ജോർജ്:<br>ഡോ. എൻ. ജയരാജ്: | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) ഗൾഫ് നാടുകളിൽ പ്രവാസ ജീവിതം നയിക്കുന്ന ആളുകളുടെ കുടുംബാംഗങ്ങൾക്ക് സ്വദേശത്ത് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ഗൾഫ് നാടുകളിൽ പ്രവാസി ജീവിതം നയിക്കുന്ന ആളുകളുടെ കുടുംബാംഗങ്ങൾ സ്വദേശത്ത് നേരിടുന്ന പ്രശ്നങ്ങൾ അതാത് ജില്ലാ ഭരണകൂടത്തിന്റെയും, ജില്ലാ പോലീസ് മേധാവികളുടെയും ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് സ്വൈരജീവിതത്തിൽ തടസ്സം നേരിടുമ്പോൾ എപ്രകാരമുള്ള സഹായഹസ്തമാണ് പ്രവാസികാര്യ വകുപ്പിൽനിന്ന് ലഭ്യമാക്കുന്നത്; വ്യക്തമാക്കുമോ; | (ബി) പ്രവാസികളുടെ കുടുംബാംഗങ്ങളുടെ സ്വൈരജീവിതത്തിന് തടസ്സം നേരിടുന്ന പ്രശ്നങ്ങൾ ഉണ്ടാവുമ്പോൾ ആയത് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെയോ, ജില്ലാ ഭരണകൂടത്തിന്റെയോ/ജില്ലാ പോലീസ് മേധാവികളുടെയോ ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹാര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനു പുറമേ കേരള പോലീസ് ആസ്ഥാനത്ത് ഒരു സൂപ്രണ്ട് ഓഫ് പോലീസിന്റെ നേതൃത്വത്തിൽ പ്രത്യേക എൻ.ആർ.ഐ സെൽ പ്രവർത്തിച്ചു വരുന്നുണ്ട്. |

| | |
|---|---|
| (സി) സ്വദേശത്ത് കുടുംബാംഗങ്ങൾക്ക് സുരക്ഷാ ഭീഷണി നേരിടുന്നതുമായി ബന്ധപ്പെട്ട് എംബസികൾ മുഖേന നോർക്ക വകുപ്പിന് ലഭിക്കുന്ന പരാതികളിൽ സത്വര നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ: | (സി) എംബസ്സികളിൽ നിന്ന് ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെയും, ജില്ലാ ഭരണകൂടത്തിന്റെയും, ജില്ലാ പോലീസ് മേധാവികളുടെയും ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹാരം കാണുന്നതിന് സത്വര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) ഇപ്രകാരം 2013 ഫെബ്രുവരി മുതൽ ഇതുവരെ ലഭിച്ചിട്ടുള്ള പരാതികളിൽ എത്രയെണ്ണത്തിൽ ഇനിയും നടപടി സ്വീകരിക്കാനുണ്ട്: വിശദാംശങ്ങൾ നല്കുമോ; | (ഡി) 2013 ഫെബ്രുവരി മുതൽ 19.03.2013 വരെ ലഭിച്ച 56 പരാതികളിന്മേലും നടപടികൾ സ്വീകരിച്ചറിയിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) പ്രവാസികളുടെ കുടുംബാംഗങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന സാഹചര്യങ്ങൾ സംബന്ധിച്ച് നോർക്കയ്ക്ക് ലഭിക്കുന്ന പരാതികൾക്ക് അർഹിക്കുന്ന ഗൗരവം നൽകി നീതി നടപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഇ) പ്രവാസികളിൽ നിന്നും ലഭിക്കുന്ന പരാതികൾക്ക് അർഹമായ പരിഗണന നൽകി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ